Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

**GOVERNMENT OF KERALA**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ്-അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം (UWEP) നടത്തിപ്പ് ചുമതല നഗരകാര്യവകുപ്പിന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(കൈ)നം.143/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി, 30/05/2012**

---

**പരാമർശം:-1. സ.ഉ.(സാധാ) നമ്പർ.1262/2011/തസ്വഭവ, തീയതി: 23.05.2011.**
2. സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ 27.12.2011-ലെ 3-ാം യോഗതീരുമാനം.
3. എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 02.02.2012-ലെ 2561/EGS സെൽ-5/12/സിആർഡി (ii) നമ്പർ കത്ത്.

## ഉത്തരവ്

കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ ഷഹാരി റോസ്ഗാർ യോജനയുടെ (SJSRY) ഒരു ഘടകമായ അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം (UWEP) അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എം.ജി.എൻ,ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ മുഖേന നടപ്പിലാക്കുന്നതിന് പരാമർശം 1 ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം (UWEP) നടപ്പിലാക്കുന്നതിനുള്ള സാങ്കേതികവും നിയമപരവുമായ ബുദ്ധിമുട്ടുകൾ പരാമർശം 2-ലെ സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ ചർച്ച ചെയ്യുകയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർക്ക് കൈമാറിയ പ്രോഗ്രാം ഫണ്ട് സഹിതം അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം നടത്തിപ്പിന്റെ ചുമതല, നഗരകാര്യ വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ ശുപാർശ പ്രകാരം പരാമർശം 3 ലെ കത്ത് മുഖേന മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർക്ക് കൈമാറിയ പ്രോഗ്രാം ഫണ്ട് സഹിതം അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം നടത്തിപ്പിന്റെ സംസ്ഥാനതല ചുമതല, 2012-13 ധനകാര്യ വർഷം മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം നഗരകാര്യ വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.സെൽ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
6. എല്ലാ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും.
7. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
8. എല്ലാ പ്രോജക്റ്റ് ഡയറക്ടർമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
11. അക്കൗണ്ടന്റ് ജനറൽ (എ. & ഇ.), കേരള, തിരുവനന്തപുരം.
12. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ